"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കോവിഡ് - 19 സർക്കാർ ജീവനക്കാരുടെ മാറ്റിവെച്ച ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നതിന് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഒരു ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധന വകുപ്പ് സെക്രട്ടറിയുടെ പേരിൽ തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ)നം. 2558/2021/ധന** **തീയതി, തിരുവനന്തപുരം, 19.03.2021**

---

പരാമർശം :- 1. ജി.ഒ (പി) നം. 53/2020/ധന തീയതി 30.04.2020.
2. ജി.ഒ (പി) നം. 43/2021/ധന തീയതി 26.02.2021.
3. 24.02.2021 ലെ മന്ത്രിസഭാ യോഗ നടപടികുറിപ്പ്
4. ജി.ഒ (എം.എസ്) നം. 44/2021/ധന തീയതി 08.03.2021.
5. U.O (F) No. FUNDS-2/8/2021-FIN Computer No. 1718974

**ഉത്തരവ്**

കോവിഡ് 19 മൂലമുള്ള രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം അഞ്ച് തവണകളായി താൽക്കാലികമായി മാറ്റി വെയ്ക്കാൻ പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത്തരത്തിൽ മാറ്റി വെച്ച ശമ്പളം 2021-2022 സാമ്പത്തിക വർഷത്തെ ആദ്യ അഞ്ച് മാസങ്ങളിൽ തവണകളായി ജീവനക്കാർക്ക് മടക്കി നൽകുന്നതിനു പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം നീക്കി വെച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നല്കുന്നതിനു ആഗ്രഹമുള്ള ജീവനക്കാർക്ക് അതിനുള്ള സൗകര്യം ഒരുക്കേണ്ടതുണ്ട് എന്ന് പരാമർശം 3 പ്രകാരം തീരുമാനം ആയിട്ടുണ്ട്. ഇപ്രകാരം ലഭിയ്ക്കുന്ന തുക നിക്ഷേപിക്കുന്നതിന് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധന വകുപ്പ് സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ജീവനക്കാരുടെ മാറ്റിവെച്ച ശമ്പള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നത് ക്രെഡിറ്റ് ചെയ്യുന്നതിനായി ഒരു ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധന വകുപ്പ് സെക്രട്ടറിയുടെ പേരിൽ തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വകുപ്പുകൾക്കും
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ധനകാര്യ (സ്പാർക്ക്) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E File No. 1718974)

ഉത്തരവിൻ പ്രകാരം

Meji.C

സെക്ഷൻ ഓഫീസർ